# St. Mary
# Pray for us

St.
Peter
Our
Patron
Saint







Our
Patriarch

H.H. Moran
Mor Ignatios
Zakha I, of
Antioch and
All the East

Our
Catholicos

H.B. Baselios
Thomas I




## എട്ടുനോമ്പാചരണവും സുവിശേഷയോഗവും

(2012 ആഗസ്റ്റ് 31 വെള്ളിയാഴ്ച മുതൽ സെപ്തംബർ 7 വെള്ളിയാഴ്ച വരെ)



Our Patriarchal
Vicar H.G.
Pathros Mor
Osthatheos



# Editorial

## വി. സ്ലീബ: ക്രിസ്തുവിന്റെ അടയാളം



നമ്മുടെ കർത്താവിന്റെ രക്ഷാകരമായ കഷ്ടാനുഭവവും, കുരിശുമരണവും, ഉത്ഥാനവും അനുസ്മരിക്കുന്ന അനുഗ്രഹദായകമായ അടയാളമാണല്ലോ വി. സ്ലീബ. ലോകത്തിലെ ഏററവും ശ്രേഷ്ഠവും, വിശുദ്ധവുമായ അടയാളം എന്നതിനോടൊപ്പം തന്നെ സൃഷ്ടിയുടേയും, രക്ഷയുടേയും രഹസ്യങ്ങളും വി. സ്ലീബായിൽ അടങ്ങിയിരിക്കുന്നതിനാലാണ് വലിയ നോമ്പിന്റെ മദ്ധ്യത്തിൽ, ദൈവാലയ മദ്ധ്യത്തിൽ, മരണത്തെ പരാജയപ്പെടുത്തി മഹത്വത്തോടെ ഉത്ഥാനം ചെയ്ത കർത്താവിന്റെ തിരുസാന്നിധ്യത്തെ സൂചിപ്പിക്കുന്ന വി. സ്ലീബാ നാട്ടിക്കൊണ്ട് രക്ഷാകര പദ്ധതിയിൽ കുരിശിനുള്ള അദ്വിതീയമായ സ്ഥാനം നാം പ്രഘോഷിക്കുന്നത്. വി. സ്ലീബ ക്രിസ്തീയ വിശ്വാസത്തിന്റെയും, ജീവിതത്തിന്റെയും കേന്ദ്രമാണ്. രക്ഷയുടെ നിത്യ പ്രതീകവും വീണ്ടെടുപ്പിന്റെ ദൂതുമാണ്, ത്യാഗത്തിന്റെ മകുടോദാഹരണം, പാപക്ഷമയുടെ നിത്യ സ്മാരകം. മരണത്തിന്മേലുള്ള വിജയവും, പ്രത്യാശയും ഉദ്ഘോഷിക്കുന്നാതാണ് വി. സ്ലീബ.

സകല കൂദാശകളെയും പൂർത്തീകരിച്ച് വിശുദ്ധീകരിക്കുവാനും ദൈവജനത്തെ ശക്തീകരിക്കുവാനും, സംരക്ഷിക്കുവാനും, ശത്രുവിന്റെ സകല ആയുധങ്ങളേയും നിർവ്വീര്യമാക്കുവാനും ശക്തിയുള്ള വി. സ്ലീബായെ ഹൃദയത്തിൽ പ്രതിഷ്ഠിക്കുവാനും, ക്രൂശിതന്റെ മഹത്വം പ്രഘോഷിക്കുവാനും സ്ലീബാപ്പെരുന്നാളും, സ്ലീബാക്കാലവും നമ്മെ ആഹ്വാനം ചെയ്യുന്നു. നമ്മുടെ കർത്താവായ യേശുമിശിഹായുടെ ക്രൂശ്, ഹെലെനി രാജ്ഞി കണ്ടെടുത്തതിന്റെ ഓർമ്മ കൊണ്ടാടുന്ന വി. സ്ലീബാ പെരുന്നാളോടു കൂടി (സെപ്തംബർ 14) ആരാധനാവർഷത്തിലെ സ്ലീബാക്കാലം (സെപ്തംബർ 14 മുതൽ ഉയിർപ്പു തിരുനാൾ വരെ) ആരംഭിക്കുകയായി. പരി. സഭയിൽ എ. ഡി. 335 മുതൽ സ്ലീബാപെരുന്നാൾ ആഘോഷിക്കുവാൻ തുടങ്ങി.

മനുഷ്യവർഗ്ഗത്തിനു പാപപരിഹാരമേകുവാൻ കുരിശും വഹിച്ചു കൊണ്ടാണല്ലോ കർത്താവ് ഗോഗുൽത്താ മലമുകളിലേക്ക് കയറിപ്പോയത്. യേശുവിന്റെ ക്രൂശുമരണത്തോടെ കുരിശിനു പുതിയ അർത്ഥതലങ്ങൾ കൈവന്നു. അന്നുവരേയും കൊലക്കുള്ള ആയുധവും, നാശത്തിന്റെ ലക്ഷണവുമായിരുന്നത്, ദൈവിക ജീവൻ പകരുന്ന മാധ്യമമായി മാറി, രക്ഷയുടെയും, സ്നേഹത്തിന്റെയുമെല്ലാം അടയാളമായും.

ഈ സത്യമാണ് 'ഞങ്ങൾക്കിതിനാലേ രക്ഷയുണ്ടായി എന്ന സ്ലീബായെ ഞങ്ങൾ കുമ്പിടുന്നു' എന്ന ഏററു പറച്ചിലിലൂടെ നാം ഉദ്ഘോഷിക്കുന്നത്. 'കർത്താവിന്റെ വിജയ സ്ലീബായാൽ രക്ഷിക്കപ്പെട്ടവരുമേ' എന്നാണല്ലൊ വി. കുർബ്ബാനയുടെ അവസാന ആശീർവ്വാദത്തിലും വിശേഷി ഷിക്കുന്നത്. കുരിശിനെ വന്ദിക്കുമ്പോൾ, മരപലകയെ അല്ല, മറിച്ച് സ്നേഹത്തിന്റെ പ്രതീകമായി മനുഷ്യവർഗ്ഗത്തിന്റെ പാപ പരിഹാരാർത്ഥം ക്രൂശിൽ മരിച്ചുയർത്ത്, ഇന്നും പിതാവിന്റെ വലത്തുഭാഗത്തിരുന്ന് നമുക്കു വേണ്ടി മദ്ധ്യസ്ഥം വഹിക്കുന്ന ഇനിയും വരുവാനിരിക്കുന്നവനുമായ യേശുവിന്റെ മുമ്പാകെയാണ് നാം കുമ്പിടുന്നത്.

സൃഷ്ടി മുഴുവനും രക്ഷിക്കപ്പെട്ടത്, ദൈവപുത്രന്റെ സ്ലീബായിലൂടെയാക യാലാണ് നാം സ്ലീബായെ വണങ്ങുന്നത്. പൊന്ന്, മരം തുടങ്ങിയവയാൽ ഉണ്ടാക്കപ്പെട്ടിരിക്കുന്ന കുരിശുകൾ നമ്മുടെ ഓർമ്മക്കും അറിവിനുമായി ഉണ്ടാക്കപ്പെട്ടവ യാണ്. അദൃശ്യനും, അരൂപിയുമായ ദൈവത്തെ നമ്മുടെ ഹൃദയങ്ങളിൽ രൂപപ്പെടുത്തിക്കൊണ്ട്, ആത്മനയനങ്ങളാൽ ദർശിച്ച്, കുരിശിൽ നമുക്കായി ശാപമായിത്തീർന്നവനെയാണ് വന്ദിക്കേണ്ടത് / വന്ദിക്കുന്നത്.

ഹെലെനി രാജ്ഞിയുടെ സമകാലികൻ എന്നു പറയാവുന്ന വി. ജെറോം രേഖപ്പെടുത്തിയിരിക്കുന്നത് 'കർത്താവ് അതിൽ തൂങ്ങിക്കിടക്കുന്നു എന്നവണ്ണം ഹെലെനി രാജ്ഞി നമ്മുടെ കർത്താവിന്റെ കുരിശിനു മുമ്പിൽ മുട്ടുകുത്തി അതിനെ വന്ദിച്ചു' എന്നത്രെ.

ദു:ഖവെള്ളിയാഴ്ച ആരാധനയിലെ വി. സ്ലീബാ വന്ദനവിലൂടെ രണ്ടായിരം വർഷം മുമ്പ് മാനവകുലത്തിന്റെ പരിത്രാണ നാർത്ഥം ഗോഗുൽത്തായിലേക്ക് കുരിശു മായി നടന്നുപോയ നമ്മുടെ കർത്താവി നോടൊപ്പം ആത്മാവിൽ നാം ആയി-ത്തീർന്നുകൊണ്ട് / അവന്റെ ബലിയിൽ നാമും പങ്കു ചേർന്നുകൊണ്ട് ആ ക്രൂശിതനെയാണ് നാം വന്ദിക്കുന്നത്. അതിലൂടെ ക്രൂശീകരണ സത്യത്തെ നാം ജീവിതബന്ധിയാക്കുകയാണ്. കുരിശു മുത്തുന്നതിലൂടെ, നമുക്കായി ക്രൂശിക്കപ്പെട്ട കർത്താവിനെ തന്നെയാണ് ബഹുമാനിച്ച് ചുംബിക്കുന്നത്.

രണ്ട് മരപ്പലകകൾ മതി കുരിശു തീർക്കാൻ, ഒന്നു തലങ്ങനെയും, ഒന്നു വിലങ്ങനെയും വച്ചാൽ കുരിശായി. എന്നാൽ യേശു വഹിച്ച കുരിശ് രണ്ടു മരപ്പലകകളായിരുന്നുവോ? തലങ്ങും വിലങ്ങും വയ്ക്കപ്പെട്ട രണ്ട് ഇച്ഛകളുടെ പ്രതീകമായിരുന്നില്ലേ? ദൈവേച്ഛയുടെയും, മനുഷേച്ഛ യുടെയും! ദൈവേച്ഛ, അത് തലങ്ങനെ നിന്നു. ആദി മാതാ പിതാക്കൾ തങ്ങളുടെ ഇച്ഛയെ വിലങ്ങനെ വച്ചു. അങ്ങനെ ആദ്യ കുരിശ് ഉണ്ടായി. അന്നു മുതൽ ഇന്നോളം മനുഷ്യർ ദൈവേച്ഛയെ നിരാകരി ക്കുമ്പോൾ കുരിശുകൾ തീർത്തുകൊണ്ടി രിക്കുകയാണ്. തനിക്കും തന്റെ കുടുംബ ത്തിനും, സമൂഹത്തിനും, ലോകത്തിനു തന്നെയും. എന്നാൽ 'പിതാവേ എന്റെ ഹിതമല്ല, നിന്റെ ഹിതം നിറവേറട്ടെ' എന്നു പ്രാർത്ഥിച്ച മിശിഹാ തമ്പുരാൻ, തന്റെ ഇഷ്ടത്തെ തലങ്ങനെയും, ദൈവേഷ്ടത്തെ വിലങ്ങനെയും വച്ചപ്പോൾ ആദ്യമായി രക്ഷയുടെ കുരിശ് നാട്ടപ്പെടുകയുണ്ടായി. അതിലൂടെ മരണാധികാരിയായ പിശാചിനെ, തന്റെ മരണത്താൽ നീക്കി ജീവപര്യന്തം മരണ ഭീതിയിൽ അടിമകളായിരുന്നവരെ ഒക്കെയും വിടുവിച്ചു. അങ്ങനെ തിന്മയുടെയും മരണ ത്തിന്റെയും മേൽ നന്മയുടെ ക്രൂശിന്റെ വിജയമുണ്ടായി.

ഇന്ന് നമ്മുടെ ഇഷ്ടത്തിന്നു വിരുദ്ധമായി ദൈവേഷ്ടത്തെ നിറവേററിക്കൊണ്ട് നമുക്ക് രക്ഷയുടെ ചിഹ്നം തീർക്കാനാവണം. ഒരു വൃക്ഷഫലം മൂലം നഷ്ടമായ പറുദീസാ ഈ വൃക്ഷഫലമായ കുരിശിലൂടെ തിരികെ ലഭിച്ചു എന്നതിനാൽ കുരിശ് രക്ഷയുടെ തുറമുഖമാണ്. പഴയനിയമത്തിലും കുരിശിന്റെ മുൻകുറികളെ ദർശിക്കാനാവും: വിശ്വാസി കളുടെ പിതാവായ അബ്രഹാം, ദേശത്തു കൂടെ കുറുകനെയും നെടുകനെയും നടന്നതും, യാക്കോബ്, യൗസേഫിന്റെ മക്കളെ കൈകൾ കുരിശ് ആകൃതിയിൽ പിണച്ച് അനുഗ്രഹിച്ചതും, മോശയുടെ നാട്ടിയ പിച്ചളസർപ്പവും, നോഹയുടെ പെട്ടകം കുരിശ് ആകൃതിയിൽ വെള്ളത്തിലൂടെ സഞ്ചരിച്ചതും എല്ലാം മുൻകുറിളാണ്.

ഇന്ന് സ്ലീബാ സ്വർഗ്ഗത്തിലേക്ക് തുറക്കുന്ന വാതിലാണ്, രക്ഷയുടെ അടയാളമാണ്. വലതുഭാഗത്തെ ക്രൂശിതന്റെ അനുഭവം തന്നെ ഇതിനു നല്ലൊരു തെളിവാണ്. കാൽവറി ക്രൂശിൽ കർത്താവിന്റെ മഹത്വവും ത്യാഗവും ദർശിച്ചപ്പോഴാണ് യേശുവിൽ നിന്ന് പറുദീസ വാഗ്ദാനം അവൻ കരസ്ഥമാക്കിയത്. കർത്താവിന്റെ കുരിശ് സ്നേഹത്തിന്റെയും, ത്യാഗത്തിന്റെയും, അനുസരണത്തിന്റെയും, ശൂന്യവൽക്കരണത്തിന്റെയും, മഹത്വത്തി ന്റെയും എല്ലാം പ്രതീകമാണ്. സ്നേഹ ത്തിന്റെ പ്രതീകമായിട്ടാണല്ലോ തിരുവചനം കർത്താവിന്റെ ക്രൂശിനെ ചിത്രീകരി ക്കുന്നത്. സ്നേഹം തന്നെയായ ദൈവം, സ്നേഹിതനു വേണ്ടി ജീവൻ ബലി കഴിക്കുന്നതിലും വലിയ സ്നേഹമില്ലെന്നു പഠിപ്പിച്ചവൻ, പാപികളായ നമുക്കുവേണ്ടി തന്റെ ജീവൻ മരക്കുരിശിലർപ്പിച്ചു കൊണ്ടു നമ്മെ സ്നേഹിച്ചു. തന്റെ മരണത്താൽ നമ്മുടെ മരണം മാഞ്ഞു പോകുവാനായി, തന്റെ സ്ഥാനത്തു നിന്നും നമ്മുടെ അടുക്കലേക്ക് തന്നെ ഇറക്കി കൊണ്ടു വന്ന ദൈവ സ്നേഹത്തിന്റെ പാരമ്യത ക്രൂശിൽ നാം ദർശിക്കുന്നു. ദൈവപുത്രന്റെ ശൂന്യ വൽക്കരണത്തേയും, അനുസരണത്തെയും ഫിലിപ്പിയ ലേഖനത്തിൽ വിവരിച്ചിരിക്കുന്നത് ശ്രദ്ധേയമാണ്. 'അവൻ ദൈവരൂപത്തി ലിരിക്കെ, ദൈവത്തോടുള്ള സമത്വം മുറുകെ പിടിച്ചു കൊള്ളേണം എന്നു വിചാരിക്കാതെ ദാസ രൂപം എടുത്തു മനുഷ്യ സാദൃശ്യത്തിലായി തന്നത്താൻ ഒഴിച്ചു വേഷത്തിൽ മനുഷ്യനായി വിളങ്ങി തന്നെത്താൻ താഴ്ത്തി, മരണത്തോളം ക്രൂശിലെ മരണത്തോളം തന്നെ, അനുസരണമുള്ളവനായി തീർന്നു' (ഫിലിപ്പിയർ 2: 6-8).

യേശുവിന്റെ വഴി, ക്രൂശിന്റെ വഴിയായിരുന്നു. തന്നെ അനുഗമിക്കാ നാഗ്രഹിക്കുന്നവരോട് താനാവശ്യപ്പെട്ടതും കുരിശെടുത്ത് പിന്നാലെ ചെല്ലാനാണ്. അനുദിന ജീവിതത്തിൽ നാം എപ്രകാരം കുരിശുകൾ ഉപയോഗിക്കേണം എന്നു പഠിപ്പിക്കാനാണ് യേശു ഇപ്രകാരം അരുളി ചെയ്തത്. കുരിശ് രക്ഷാകര മൂല്യം ഉൾക്കൊള്ളുന്നതാകയാൽ വലതു ഭാഗത്തെ ക്രൂശിതനെപ്പോലെ, നമ്മുടെ കുരിശുകൾ; യേശുവിന്റെ കുരിശിനോട് ചേർത്ത് സമർപ്പിക്കുമ്പോൾ, അവ തെററുകൾക്ക് പരിഹാരമാകും. നമ്മെ പറുദീസായുടെ അവകാശികളാക്കും. ഈ കാഴ്ചപ്പാടോടെ കുരിശിനെ ദൈവകരങ്ങളിൽ നിന്ന് സന്തോഷത്തോടെ സ്വീകരിച്ച് അവയെ രക്ഷാകരമാക്കി മാററുവാൻ നമുക്ക് കഴിയണം. ഒപ്പം കുരിശു വഹിക്കുന്ന എല്ലാവരിലും യേശുവിനെ കണ്ടെത്താനും. അപ്പോഴേ കുരിശു നൽകുന്ന മൂല്യം നമ്മുടെ മൂല്യമായിത്തീരുകയുള്ളു. കാൽവറിയിൽ, കുരിശിനോടുള്ള മൂന്ന് വ്യത്യസ്ത മനോഭാവങ്ങളും അവയുടെ അനുഭവങ്ങളും

നമുക്ക് ദർശിക്കാം. കർത്താവ് തന്റേതല്ലാത്ത കുരിശിനെ സന്തോഷത്തോടെ സ്വീകരിച്ച് അതിനെ രക്ഷാകരമാക്കി തീർത്തു. വലതുഭാഗത്തെ ക്രൂശിതൻ സ്വന്തം കുരിശിനെ സന്തോഷത്തോടെ സ്വീകരിച്ച് രക്ഷ പ്രാപിച്ചു. ഇടതു ഭാഗത്തെ കള്ളനാകട്ടെ സ്വന്തം കുരിശിനെ പിറുപിറുപ്പോടും വെറുപ്പോടും കൂടെ സമീപിച്ച് രക്ഷ നഷ്ടമാക്കി. അന്യരുടെ കുരിശിനെ സന്തോഷത്തോടെ പുൽകിയ യേശുവിനെ, പിതാവാം ദൈവം ഏററവും ഉയർത്തി, സകല നാമത്തിനും മേലായ നാമം നൽകി എങ്കിൽ, ക്രിസ്തീയ ജീവിതമാകുന്ന കുരിശിന്റെ വഴിയെ അനുഗ്രഹമാക്കി തീർക്കുവാൻ നമുക്കും മശിഹായുടെ കുരിശിൻ ചുവട്ടിൽ അഭയം തേടാം.

വി. സ്ലീബ, പിതാവിന്റെ വലിയ സ്നേഹത്തിന്റെ അടയാളമാണ്. സഹന ത്തിലൂടെ മനുഷ്യനെ ഉത്ഥാനത്തിന്റെ മഹത്വത്തിലേയ്ക്കുയർത്തിയ മശിഹാ യുടെ അടയാളമാണിത്. തന്റെ പീഢാ നുഭവത്തിലും, ഉത്ഥാനത്തിലും, മഹത്വ ത്തിലും പങ്കു പററുവാൻ കുരിശിലൂടെ ക്രിസ്തു നമ്മെ ക്ഷണിക്കുന്നു. കുരിശ് ക്രിസ്തുവിന്റെ അടിസ്ഥാന പ്രതീകം ആണ്. ജീവിതത്തിലുടനീളം യേശു കുരിശ് വഹിച്ചു. കുരിശ് ഒരു സംസ്കാരമാണ്, ജീവിതശൈലിയാണ്. സ്നേഹത്തിന്റെയും, സ്നേഹം അനുശാസിക്കുന്ന സഹനത്തിന്റെയും, സ്നേഹത്തിലൂടെയും, സഹനത്തിലൂടെയും മാത്രം സംലഭ്യമാകുന്ന ജീവിതസാഫല്യത്തിന്റെയും സംസ്കാരം. ചുരുക്കത്തിൽ ഒരു ക്രിസ്ത്യാനിയുടെ അടിസ്ഥാന ജീവിത മനോഭാവങ്ങളുടെ, മൂല്യങ്ങളുടെ മുഴുവൻ ജീവിതത്തിന്റെ പ്രതീകമാണ് കുരിശ്.

സ്ലീബാ പെരിന്നാളാഘോഷിക്കുന്ന ഈ പുണ്യ ദിനങ്ങളിൽ സ്ലീബായെ വിശ്വാസത്തോടെ ദർശിക്കാനും, കുരിശിന്റെ ചൈതന്യം നമ്മുടെ ജീവിതത്തിൽ പകർത്തുവാനും നമുക്ക് ശ്രമിക്കാം. നോമ്പിന്റെ മദ്ധ്യത്തിൽ ദൈവാലയത്തിൽ സ്ലീബാ നാട്ടുന്നതുപോലെ, നമ്മുടെ ജീവിത മദ്ധ്യത്തിലും രക്ഷാകരമായ വി. സ്ലീബാ നാട്ടാം. കുരിശിന്റെ വഴി നമ്മുടെ കർത്താവിനെ ഉത്ഥാനത്തിലേക്കാണ് നയിച്ചത് എന്ന സത്യം നമുക്കും പ്രത്യാശ പകരട്ടെ. നമുക്ക് നമ്മുടെ കർത്താവിന്റെ രക്ഷാകരമായ കഷ്ടാനുഭവങ്ങളെ ധ്യാനിച്ചും അതിലൂടെ സൗജന്യമായി നാം നേടിയ രക്ഷയിൽ ആനന്ദിച്ചും പാടി പ്രകീർത്തിക്കാം

'ശുഭ ചിഹ്നം താൻ സ്ലീബാ
വിജയക്കൊടി താൻ സ്ലീബാ
നമ്മെ രക്ഷിച്ചീടും
സ്ലീബായിൽ പുകഴുന്നു നാം'

സ്നേഹപൂർവ്വം,

ക്രിസ്തുവിൽ നിങ്ങളുടെ

ബെന്നി അച്ചൻ

# കുരിശുവരയുടെ പ്രാധാന്യം

എ. ഡി. 155 ൽ, അഭിഭാഷകനും, പുരോഹിതനുമായിരുന്ന തെർത്തുല്യൻ എഴുതി “ഞങ്ങൾ ഓരോ കാര്യം ചെയ്യുമ്പോഴും - അകത്തേക്കു വരുമ്പോഴും പുറത്തേക്ക് പോകുമ്പോഴും, വസ്ത്രം ധരിക്കുമ്പോഴും, ചെരുപ്പിടുമ്പോഴും, കുളിക്കുമ്പോഴും, ഭക്ഷണത്തിനിരിക്കുമ്പോഴും, വിളക്കു തെളിയിക്കുമ്പോഴും, കിടക്കുമ്പോഴും, ഇരിക്കുമ്പോഴും - അതെ ഞങ്ങളുടെ പ്രതിദിന ജീവിതത്തിലെ ഓരോ കാര്യത്തിനും മുമ്പ് - ഞങ്ങൾ കുരിശു വരയ്ക്കുന്നു.” കുരിശു വരയ്ക്കുന്നത് ശ്ലീഹന്മാർ ഏർപ്പെടുത്തിയ മുറയാണെന്ന് വി. ബസ്സേലിയോസ് (329 - 379) രേഖപ്പെടുത്തിയിരിക്കുന്നു. കുരിശു വരയിൽ സുവിശേഷം മുഴുവൻ അടങ്ങിയിട്ടുണ്ട്: ഓരോ കുരിശു വരയും സുവിശേഷത്തെ മുഴുവനായും നമ്മെ അനുസ്മരിപ്പിക്കുകയാണ്. കുരിശു വരയ്ക്കുന്നതിലൂടെ നാം നമ്മെത്തന്നെ സ്വയം അനുഗ്രഹിക്കുകയാണ്, വിശുദ്ധീകരിക്കുകയാണ്.

# Mary, Mother of Lord Jesus

**Leela Alexander**

During events like World cup Football and Olympics the whole world feels a unity so heartwarming that we wish this continues for ever. Usain Bolt, Phelps, Sushil Kumar, Tintu Luka, Mary Kom and Maryam Jamal are house hold names now. How much we wish this world would go on like this. I have even day dreamed about a world with same traffic rules, same common language and same currency, knowing of course very well, the impossible fruition of my dreams.

In the London Olympics, one event which brought tears to my eyes was when the Ethiopian runner finished her race, pulling out a picture of Mother Mary with baby Jesus, from beneath her jersey. My God! What a faith, what gratitude, what a witnessing!, when the whole world was watching her.

Meseret Defar, the Ethiopian athlete crossed the finishing line in the 5000metre race to win the Gold. She then pulled a picture of Virgin Mary from under her jersey , showed it to the cameras and held it up to her face in deep prayer.' A teary eyed Defar, an orthodox Christian, showed the picture of Virgin Mary with Baby Jesus that she carried with her for the entire race'. A very emotional moment to see the Ethiopian woman witnessing her faith. Even with all the fantastic performances, all the medals and all the stories of accomplishment, it is this young woman's act of praise to God which really impressed me.


Because my father passed away when I was young, my mother had been the pillar of support and guidance. She had deep faith in Mother Mary and all the major decisions in our life were taken after hours of prayer seeking her Blessings.



Mother had been the bank where we deposited all our worries and hurts. She understood what we did not say. My best academy was her knees lap and shoulders. The strong faith in Mother Mary, which my mother tried to instil in us, saw us through the tough time we had to face when my mother had to leave this world suddenly.

Later at all times of pain, agony fear and doubt, this faith lessened everything and gave me courage and hope.

Yes now when I call amma..two mothers are there comforting me , my mother and Mother Mary the epitome of courage, faith and humility.






# എട്ടുനോമ്പാചരണവും സുവിശേഷയോഗവും

(ആഗസ്റ്റ് 31 വെള്ളിയാഴ്ച മുതൽ സെപ്തംബർ 7 വെള്ളിയാഴ്ച വരെ)

പ്രിയരെ,

പരിശുദ്ധ ദൈവമാതാവിന്റെ ജനനപ്പെരുന്നാളും അതിനോടനുബന്ധിച്ചുള്ള സുവിശേഷയോഗവും ആഗസ്റ്റ് 31 വെള്ളിയാഴ്ച മുതൽ സെപ്തംബർ 7 വെള്ളിയാഴ്ച വരെ താഴെ പറയും പ്രകാരം നടത്തപ്പെടുന്നു. ഈ വർഷത്തെ എട്ടുനോമ്പിനോടനുബന്ധിച്ചുള്ള സുവിശേഷ പ്രഘോഷണത്തിനായി റവ. ഫാ. ഷിബു ചെറിയാൻ കൂളിയാട്ട് (B.A., B.D., M.Th.) ആഗസ്റ്റ് 30 -ാം തീയതി രാവിലെ നമ്മുടെ ഇടവകയിൽ എത്തിച്ചേരുന്നതാണ്.

ആഗസ്റ്റ് 31 (വെള്ളി) രാവിലെ 8 ന് വി. കുർബ്ബാന, വൈകുന്നേരം 6.30 ന് സന്ധ്യാപ്രാർത്ഥന, തുടർന്ന് സുവിശേഷ പ്രസംഗം
സെപ്തംബർ 1 (ശനി) വൈകുന്നേരം 6.45 ന് സന്ധ്യാപ്രാർത്ഥന, തുടർന്ന് സുവിശേഷപ്രസംഗം
സെപ്തംബർ 2 ( ഞായർ) വൈകുന്നേരം 7.30 ന് വി. കുർബ്ബാന
സെപ്തംബർ 3 (തിങ്കൾ): വൈകുന്നേരം 6.45 ന് സന്ധ്യാപ്രാർത്ഥന, തുടർന്ന് സുവിശേഷപ്രസംഗം
സെപ്തംബർ 4 (ചൊവ്വ): 6.45 ന് സന്ധ്യാപ്രാർത്ഥന, തുടർന്ന് സുവിശേഷപ്രസംഗം
സെപ്തംബർ 5 (ബുധൻ): 6.45 ന് സന്ധ്യാപ്രാർത്ഥന, മദ്ധ്യസ്ഥപ്രാർത്ഥന, തുടർന്ന് സുവിശേഷപ്രസംഗം
സെപ്തംബർ 6 (വ്യാഴം): 6.45 ന് സന്ധ്യാപ്രാർത്ഥന, തുടർന്ന് സുവിശേഷപ്രസംഗം

സെപ്തംബർ 7 (വെള്ളി): വി. ദൈവമാതാവിന്റെ ജനനപ്പെരുന്നാൾ (എട്ടുനോമ്പു വീടൽ), വൈകുന്നേരം 7 ന് സന്ധ്യാപ്രാർത്ഥന, തുടർന്ന് വി. മൂന്നിന്മേൽ കുർബ്ബാന, ആശീർവാദം, നേർച്ചവിളമ്പ്

**(സെപ്തംബർ 7 വെള്ളിയാഴ്ച്ച രാവിലെ വി. കുർബ്ബാന ഉണ്ടായിരിക്കുന്നതല്ല)**


വിശുദ്ധ ദൈവമാതാവിന്റെ നാമത്തിലുള്ള എട്ടുനോമ്പാചരണത്തിലും, ജനനപ്പെരുന്നാളിലും, സുവിശേഷയോഗത്തിലും ഏവരും ഭയഭക്തിയോടെ സംബന്ധിച്ച് അനുഗ്രഹം പ്രാപിക്കണമെന്ന് സ്നേഹപൂർവ്വം തൽപ്പര്യപ്പെടുന്നു.



Rev. Fr. Shibu Cherian Kooliyatt

കാക്കനാട് സ്വദേശിയായ ബഹു. ഷിബു ചെറിയാൻ അച്ചൻ ഇപ്പോൾ അങ്കമാലി ഭദ്രാസനത്തിലെ കളമശ്ശേരി വി. മർത്തമറിയം പള്ളിയിൽ ശുശ്രൂഷ ചെയ്തു വരികയാണ്. മലങ്കര സുറിയാനി ഓർത്തഡോക്സ് തിയോളജിക്കൽ സെമിനാരി പ്രൊഫസ്സർ (Theology & Ethics) ആയ ബഹു. അച്ചൻ തിയോളജിക്കൽ സെമിനാരിയുടെ റെജിസ്ട്രാർ ആയും, എക്യുമെനിക്കൽ സെക്രട്ടറിയേററ് സെക്രട്ടറിയായും സ്തുത്യർഹമായ സേവനം അനുഷ്ഠിച്ചിട്ടുണ്ട്.

# Are You Bible Literate?
# Bible Crossword # 7 (September 2012)



Leela Alexander

**ACROSS**

**1** -------- Lysias ordered 70 horsemen to accompany Paul out of Jerusalem?

**5** Who took his wife and sons and set them on a donkey when he returned to Egypt , his boyhood home?

**6** Which future king was looking for lost donkeys when he ran into Samuel?

**10** Which prophet of Moab had a talking donkey?

**13** Who had horsemen accompany him as he went to bury his father?

**14** Which future wife of David rode out to meet him on a donkey when she was pleading for her husband's life ?

**15** Who used a donkey to carry the wood he was using to sacrifice his son on?

**DOWN**

**2** Which prince was riding a mule when he got his head caught in an oak tree?

**3** Which king had forty thousand stalls of horses?

**4** Who gave his irate brother 20 donkeys as a good will gesture?

**7** Which queen had her blood spattered on King Jehu's horses?

**8** Which king took his household manager out to look for grass for the royal horses?

**9** Which prophet saw four chariots pulled by horses that represented four winds?

**11** Which evil queen was executed by Jerusalem's Horse Gate?

**12** Which leader was told by God to cripple his enemy's horses?

This is the seventh in the series of Bible crossword puzzles for 2012. All the clues are about Donkeys, Horses and horsemen mentioned in the Bible. Solve the crossword. A few references are given. Use them if necessary. Please submit your answers in the box kept next to the door of the church within 7 days after the release of the newsletter.

This contest is open to all Sunday school students and adults. The winners' names will be published in the church newsletter. The annual award is given only to Sunday School students. You may also send the answers to me by email. My email address is

**ocalex@batelco.com.bh** or **ocalexleela@gmail.com**

**Useful References**: Numbers 22, 1Samuel 9, Genesis 32, 2Samuel 18, Exodus 4, 1Samuel 25, Genesis 22, 2Chronicles 23, Joshua 11, 1Kings 4, 1Kings 18, 2Kings 9, Zechariah 6, Genesis 50. Acts 23

## Solution to Bible Crossword June 2012

| | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | | | H | U | L | D | A | H | |
| E | S | T | H | E | R | | | | E | | | |
| | | | A | | | | | | B | | | |
| A | B | I | G | A | I | L | | G | O | M | E | R |
| | I | | G | | | | | | R | | | |
| | L | | I | | | | | | A | | | R |
| | H | | T | | M | | | R | H | O | D | A |
| V | A | S | H | T | I | | | I | | | | H |
| | H | | | | R | | | Z | | | | A |
| | | J | | | I | | | P | | | | B |
| | | A | | | A | | | A | N | N | A | |
| S | H | E | L | O | M | I | T | H | | | | |
| | | L | | | | | | | | | | |

ABRAM BIGI
ACSAH ELIZABETH ABRAHAM
AKHIL BASIL PAULOSE
ANEENA MARY ABRAHAM
ANJANA MARIAM ROY
ANJU PAULOSE
ANN BIGI
ASHLEY SHAJU
ATHIRA SABU
CHITHIRA SABU
CHRISTIN PAUL

## Winners of Bible Crossword June 2012

CHRISTY MARY THOMAS
DAN ABRAHAM
ELAINE AGITH
ERWIN MARY MATHEW
FLEMY P. EBY
IRENE ELIZABETH MATHEW
JEEBA C. BIJU
JIBU JOSEPH BIJU
JOHANN AGITH
MERLIN MARY BASIL
KAMAL BABY PAUL
LIYA SARA JOSEPH
MAHAL MANI ULAHANNAN
MERIN MARY BASIL
MILAN MANI MATHEW
ROSHAN THOMAS ROY
SARAH LAJI
SEBINE SCARIA
SERENE SCARIA
SHARON PAUL
SHERIN SUSAN ISAAC
SHRUTI ANN ISAAC
SOFIA C. PAUL

**Congratulations**
**Leela Alexander**

# ക്വിസ്സ് നമ്പർ 6
## (യിരെമ്യാവ് 41 - 52)

1. നീ പോകുന്ന എല്ലായിടത്തും ഞാൻ നിന്റെ ജീവനെ കൊള്ളപോലെ തരും എന്ന് യഹോവ അരുളിച്ചെയ്തത് ആരെക്കുറിച്ചാണ്?

2. യിസ്രായേൽ അവകാശ ഗോത്രമായുള്ള യാക്കോബിന്റെ ഓഹരിയായവനാര്?

3. വലിയ കല്ലുകളെ എടുത്തു യെഹൂദാ പുരുഷന്മാർ കാൺകെ എവിടെ കുഴിച്ചിടുവാനാണ് യിരെമ്യാവിനോട് ദൈവം കല്പിച്ചത്?

4. ആരുടെ നേരെയാണ് യഹോവ ആകാശത്തിന്റെ നാലു ദിക്കിൽ നിന്നും കാററു വരുത്തി അവരെ ചിന്നിച്ചു കളയുന്നത്?

5. യെരുശലേമിലെ യഹോവയുടെ ആലയവും രാജധാനിയും ചുട്ടു കളഞ്ഞതാര്?

6. ആരോടു കൂടി ഒണ്ടായിരുന്ന ജനമാണ് യോഹാനാനെയും പടത്തലവന്മാരേയും കണ്ടപ്പോൾ സന്തോഷിച്ചത്?

7. കഷണ്ടി വന്നിരിക്കുന്നു എന്നു യിരെമ്യാവ് പറഞ്ഞ ദേശം ഏത്?

8. ഏതു രാജാവിനാണ് തന്റെ മക്കളെ കൊല്ലുന്നതു കാണേണ്ടി വന്നത്?

9. പർവ്വതങ്ങളിൽ വെച്ചു താബോർ പോലെയും കടലിനരികെയുള്ള കർമ്മേൽ പോലെയും വരുന്നവൻ ആര്?

10. വായിച്ച ശേഷം പ്രവചനപുസ്തകം ഒരു കല്ലുകെട്ടി ഫ്രാത്ത് നദിയിൽ എറിഞ്ഞതാര്?

11. മോവാബിന്റെ കുഞ്ഞുങ്ങൾ കരഞ്ഞുകൊണ്ടു കയറിപ്പോകുന്ന കയററം ഏത്?

12. ദ്വിമത്സരം എന്നറിയപ്പെടുന്ന ദേശമേത്?

13. യിസ്രായേൽ ഗൃഹം തങ്ങളുടെ ആശ്രയമായ ബേഥേലിങ്കൽ ലജ്ജിച്ചു പോയതു പോലെ മോവാബ് എവിടെയാണ് ലജ്ജിച്ചു പോകുന്നത്?

14. മരണദിവസം വരെ ബാബേലിൽ നിത്യവൃത്തി ലഭിച്ചുകൊണ്ടിരുന്ന യെഹൂദരാജാവാര്?

15. ആരുടെ വീഴ്ചയുടെ മുഴക്കത്തിങ്കലാണ് ഭൂമി നടുങ്ങുന്നത്?

## ക്വിസ്സ് നമ്പർ 5
## (ഉത്തരങ്ങൾ)

1. യോശീയാവിന്റെ കാലം മുതൽ (36: 2)
2. കൂശ്യനായ ഏബെദ് മേലേക്ക് (39: 17)
3. എഫ്രയിം (31: 20)
4. ഊരിയാവ് (26: 23)
5. 17 ശേക്കെൽ വെള്ളി (32: 9)
6. യെഹോയാക്കീമിന്റെ (36: 30)
7. യോഹാനാൻ (40: 15)
8. യഹോവയ്ക്കു വിരോധമായി മത്സരം സംസാരിച്ചതുകൊണ്ട് (28: 16)
9. സിദെക്കിയാവ് (34: 5)
10. യിരീയാവ് (37: 13)
11. ശെമയ്യാവ് (29: 32)
12. യോനാദാബ് (35: 6 10)
13. 30 ആളുകൾ (38: 10)
14. യെഹൂദിയെ (36: 21)
15. മൺ പാത്രത്തിൽ (32: 14)

**1 Thessalonians 5:10**

**He died for us so that, whether we are awake or asleep, we may live together with him.**

## ക്വിസ്സ് നമ്പർ 5
## വിജയികൾ

ALEYAMMA THOMAS
ANEENA MARY ABRAHAM
ANJU PAULOSE
BISY EBY
BLESSY PRAGEESH
ELSY ABRAHAM
GILEY SUSAN MATHEW
JEAN SARA AGITH
JESSY BIJU
JOJI SUSAN MANI
LALI CHANDY JOSHUA
LISSY SUNIL
MERCY ABRAHAM
MOLY BABY
RINY MATHEW
SEZIL BABY
SHAIBY BABY
SHELBY JACOB
ZIBI BENNY

അഭിനന്ദനങ്ങൾ
ഉഷ അച്ചൻകുഞ്ഞ്

## സെപ്തംബർ
## വിശേഷദിവസങ്ങൾ

സെപ്തംബർ 2 വി. യൂയാക്കീം മോർ കൂറിലോസ് ബാവായുടെ ഓർമ്മ

സെപ്തംബർ 7 എട്ടുനോമ്പു വീടൽ

സെപ്തംബർ 14 സ്ലീബാപെരുന്നാൾ



**H.M. The King receives priests representing 16 Churhes in Bahrainat Safriya Palace on 2nd May, 2012**

Above Our Vicar Rev. Fr. Benny Abraham and other priests with His Majesty









SUMMER CLASS

# SUMMER CLASS 2012













Class by Dr. John Panackal on 10th August, 2012, Friday after Holy Qurbana





**Homeland get together programme (Bahrain St. Peter's Day 2012)** organized by our Church was successfully held on 18 August, 2012 at Karingachira St. George Cathedral Parish Hall. Three Metropolitans including our present Patriarchal Vicar H.G. Pathros Mor Osthatheous, our former Vicars and around 200 former members of our Church attended the event. It was an emotional re-union for our former members, and all participants expressed their deep appreciation and gratitude to our parish for organizing such a gathering.


















A HOME LAND
GET-TOGETHER PROGRAMME




WELCOME TO
N ST. PETER'S DAY - 2012



# യേശുവിനെ അനുഗമിച്ച സ്ത്രീകൾ

By Merlin Alex



യേശുവിന്റെ കാലത്തെ പാലസ്തീൻ സമൂഹം അശാന്തിയും അസമത്വവും നിറഞ്ഞതായിരുന്നു. പഴയനിയമ പശ്ചാത്തലത്തിലും പാലസ്തീൻ സാമൂഹിക ക്രമങ്ങളിലും സ്ത്രീകൾ അരക്ഷിതാവസ്ഥയും വിവിധതരം അവഹേളനങ്ങളും സഹിച്ചപ്പോൾ സ്ത്രീകൾക്ക് സുരക്ഷിതത്വവും അംഗീകാരവും പ്രഖ്യാപിക്കുന്ന സമീപനമാണ് യേശു വെളിപ്പെടുത്തിയത്.

യെഹൂദമതത്തിലും സമൂഹത്തിലും സ്ത്രീകൾക്കുണ്ടായിരുന്ന പല വിലക്കുകളും ചോദ്യം ചെയ്യുന്നതിന് കർത്താവ് തയ്യാറായി .

1 പൊതുസ്ഥലത്ത് വെച്ച് ഒരു യെഹൂദന് ഒരു സ്ത്രീയോട് സംസാരിക്കുവാന് പാടുള്ളതല്ല. എന്നാൽ കർത്താവാകട്ടെ യാക്കോബിന്റെ കിണറ്റിനരികെവെച്ച് ശമരിയാക്കാരി സ്ത്രീയോട് പരസ്യമായി സംസാരിക്കുന്നു.

2 ഗാർഹീകവൃത്തിയാണ് പാരമ്പര്യ സ്ത്രീക്ക് വിധിച്ചിരിക്കുന്നത്. ഇത് മാറ്റിവെച്ചു യേശുവിനൊപ്പം വേദവിചാരത്തില് മറിയ മുഴുകിയിരുന്നു. ഇതുകണ്ട് അക്ഷമയായ മാർത്തയോട് കർത്താവ് "മറിയ നല്ല അംശം തെരഞ്ഞെടുത്തു" .(ലൂക്കോസ് 10 :42)

3. സ്ത്രീകളുടെ സാക്ഷ്യത്തിന് യഹൂദ സമൂഹത്തിൽ നിയമപരമായി സാധുതയില്ല. എന്നാൽ തന്റെ പുനരുദ്ധാനത്തെക്കുറിച്ച് ശിഷ്യരോട് സാക്ഷിക്കുന്നതിനു മഗ്ദലനക്കാരി മറിയയെ കർത്താവ് നിയോഗിക്കുന്നു. (യോഹ 20 :17 )

4. പരസ്യ ശുശ്രൂഷയ്ക്ക് യേശുവിനൊപ്പം ഗലീലയിൽനിന്ന് യെഹൂദിയായിലേക്ക് യാത്ര ചെയ്ത സംഘത്തില് സ്ത്രീകളുണ്ടായിരുന്നു. യേശുവിന്റെ ഈ സ്ത്രീസമീപനത്തിൽ സ്ത്രീകൾ എങ്ങനെയെല്ലാം ആദരിക്കപ്പെട്ടിരുന്നു? സുവിശേഷ പശ്ചാത്തലത്തിൽ യേശു സ്ത്രീകൾക്ക് നൽകിയ സ്ഥാനവും മഹത്വവും എപ്രകാരമുള്ളതായിരുന്നു?

## 1. സഖിത്വത്തിന്റെ പ്രകാശം

യഹൂദ റബ്ബിമാർ സ്ത്രീകൾക്ക് ബോധനപ്രക്രീയയും പരസ്യ ശുശ്രൂഷയും നിഷേധിച്ചപ്പോൾ യേശുവിന്റെ പരസ്യ ശുശ്രൂഷയിൽ പങ്കെടുക്കുന്നതിനും യേശുവിനെ അനുഗമിക്കുന്നതിനും പരിചരിക്കുന്നതിലും സ്ത്രീകളെ അനുവദിച്ചു. യേശുവിനോടൊപ്പം 12 ശിഷ്യൻമാരും അനവധി സ്ത്രീകളും ഉണ്ടായിരുന്നു.

യേശുവിന്റെ സഖിത്വത്തില് പങ്കുചേർന്ന നിരവധി സ്ത്രീകളുടെ വിവരണങ്ങളുണ്ട്:- മഗ്ദലനക്കാരി മറിയം, യാക്കോബിന്റെയും യോസയുടെയും അമ്മ മറിയം, യേശുവിന്റെ അമ്മ മറിയം, സെബദിപുത്രന്മാരുടെ അമ്മ, ശലോമി, സഹോദരിമാരായ മാർത്തയും മറിയയും, നയീനിലെ വിധവ, കൂനിയായ സ്ത്രീ, രക്തസ്രാവക്കരിയായ സ്ത്രീ, രണ്ടു ചില്ലിക്കാശിട്ട വിധവ, യേശുവിന്റെ സഹോദരികൾ (മത്തായി 13 : 55 ), ശമരിയക്കാരി സ്ത്രീ, വ്യഭിചാരകുറ്റം ചുമത്തപ്പെട്ട സ്ത്രീ, യേശുവിനെ പരിമളതൈലം പൂശിയ സ്ത്രീ.

സ്ത്രീകളോട് യേശുവിനു വേർതിരിവോ വിവേചനമോ ഉണ്ടായിരുന്നില്ല. കാൽവരിയിലെ ക്രൂശിന്റെ സമീപത്തുനിന്നും ശിഷ്യൻമാരെല്ലാം അപ്രത്യക്ഷരായപ്പോഴും സ്ത്രീകളുടെ ഒരു വലിയ സമൂഹം "സ്വന്തം സുരക്ഷിതത്വം" പോലും വിസ്മരിച്ചു യേശുവിനെ പിന്തുടർന്നു. സ്ത്രീകൾ യേശുവിനെ അന്ത്യത്തോളം അനുഗമിച്ചു പീഡാനുഭാവത്തിനും ഉയിർപ്പിനും സാക്ഷികളാകുന്നു .

**2. അംഗീകാരം പകർന്ന ശുശ്രൂഷ**

യേശു പരസ്യ ശുശ്രൂഷയിൽ സ്ത്രീകളെ അംഗീകരിക്കുകയും യഹൂദ നടപടി ക്രമങ്ങളിൽ വിപ്ലവകരമായ സമീപനം പുലർത്തുകയും ചെയ്തു. കൂനിയായ സ്ത്രീ, രക്തസ്രാവക്കരിയായ സ്ത്രീ, വ്യഭിചാരകുറ്റം ചുമത്തപ്പെട്ട സ്ത്രീ, പരിമളതൈലം പൂശിയ സ്ത്രീ എന്നിവരോടെല്ലാം യേശുവിന്റെ സമീപനം യെഹൂദാ റാബി സംസ്കാരത്തിൽ നിന്നും വ്യത്യസ്തമായിരുന്നു .

സ്ത്രീകളോട് കരുണയോടെ സമീപിക്കുവാനും അവരെ അംഗീകരിക്കുവാനും യേശുവിനു കഴിഞ്ഞുവെന്നുള്ളത് യഹൂദ നിയമ സംവിധാനങ്ങൾക്ക് ഒരു വെല്ലുവിളിയായിരുന്നു.

**3. ജ്ഞാനത്തിന്റെ വേദ വിശകലനം**

വേദ പഠനങ്ങള് ബോധപൂർവ്വം സ്ത്രീകൾക്ക് നിഷേധിച്ച കാലത്താണ് യേശു പരിജ്ഞാനത്തിന്റെ വിശകലനങ്ങൾ സ്ത്രീകൾക്ക് പങ്കിട്ടത്

വി. മാർക്കോസ്, വി. ലൂക്കോസ്, വി. യോഹന്നാൻ എന്നീ സുവിശേഷങ്ങളില് ഉടനീളം യേശുവിന്റെ പരസ്യശുശ്രൂഷയിൽ സ്ത്രീ സാന്നിധ്യം ഉണ്ടായിരുന്നു എന്ന് വെളിവാക്കപ്പെടുന്നു.

ബോധനപ്രക്രിയയിലും ശുശ്രൂഷകളിലും സ്ത്രീകൾക്ക് പങ്കാളിത്തം വഹിക്കുവാനുള്ള ഉത്തരവാദിത്തമുണ്ടെന്ന് സഹോദരിമാരായ മാർത്തയെയും മറിയയെയും പ്രബോധിപ്പിക്കുന്നു. ശമരിയാക്കാരി സ്ത്രീയോടുള്ള സംഭാഷണത്തിൽ യേശു "മശിഹാ" ആണെന്ന് വെളിപ്പെടുത്തുന്നു.

മരിച്ചവരെ ഉയിർപ്പിക്കുന്ന സംഭവങ്ങളിലും സ്ത്രീ സാന്നിധ്യം ഉണ്ട് .

കനാന്യ സ്ത്രീയോട് യേശു വേദ ശാസ്ത്ര സംവാദത്തിൽ ഏർപ്പെടുന്നു .

മാർത്തയോട് "ഞാന് പുനരുദ്ധാനവും ജീവനും ആകുന്നു" എന്ന് പ്രഖ്യാപിക്കുന്നു .

ഉയിർത്തെഴുന്നേറ്റ യേശുവിനെ കണ്ടതിന്റെ പ്രഥമ സാക്ഷ്യവും യേശുവിന്റെ സുവിശേഷം ആദ്യം ലോകത്തെ അറിയിച്ചതും സ്ത്രീയാണ്, മഗ്ദലനക്കാരി മറിയ. അതിനാൽ മഗ്ദലന മറിയത്തെ "അപ്പോസ്തോലൻരുടെ അപ്പോസ്തോല" എന്നാണ് വിശേഷിപ്പിക്കുന്നത്.

**4. സുരക്ഷിതത്വത്തിന്റെ അടയാളങ്ങൾ**

യേശു സ്ത്രീകൾക്ക് സാമൂഹിക സുരക്ഷിതത്വം പകർന്നു എന്നുള്ളത്തിനു നിരവധി അടയാളങ്ങളുണ്ട്. യേശുവിനെ അനുഗമിച്ചും ശുശ്രൂഷിച്ചും നിരവധി സ്ത്രീകൾ പരസ്യശുശ്രൂഷയിൽ പങ്കുചേർന്നു. എങ്കിലും സ്ത്രീ വിരുദ്ധമായ പ്രസ്താവനയോ നിഷേധ പരാമർശനമോ ഒന്നും യേശു നടത്തിയിട്ടില്ല; മറിച്ച് സ്ത്രീപുരുഷ സമത്വത്തിന്റെ കാഴ്ചപ്പാടാണ് പങ്കിട്ടത് .

വ്യഭിചാരത്തിൽ പിടിക്കപ്പെട്ട സ്ത്രീക്കും, രക്തസ്രാവക്കാരിക്കും, ശമരിയാക്കാരിക്കും, പാപിനിയായ സ്ത്രീക്കും എല്ലാം യേശു യഹൂദ നിയമങ്ങൾക്കും അനുശാസനകൾക്കും ഉപരിയായി കാരുണ്യത്തിന്റെ സ്പർശവും സാമൂഹിക സുരക്ഷിതത്വത്തിന്റെ ദർശനങ്ങളും ആണ് പകർന്നത്.

ശിഷ്യത്വത്തിന്റെ വിശാല കാഴ്ചപ്പാടിൽ സഹോദരനും സഹോദരിയും ഉൾക്കൊള്ളുന്നു. (മത്തായി 12 :50 )- സ്വർഗസ്ഥനായ എന്റെ പിതാവിന്റെ ഇഷ്ടം ചെയ്യുന്നവൻ എന്റെ സഹോദരനും സഹോദരിയും അമ്മയും ആകുന്നു" .അതെ, ശിഷ്യത്ത്വതിൽ സുരക്ഷിതത്വം പുരുഷനൊപ്പം സ്ത്രീക്കും ലഭ്യമാണ്.

യേശുവിൽ ആരംഭിച്ച ഈ "തുല്യതയുടെ ശിഷ്യത്വം" വ്യാപിപ്പിക്കുവാനും പ്രചരിപ്പിക്കുവാനും ബോധപൂർവ്വമായ ശ്രമങ്ങൾ എല്ലാ തലങ്ങളിലും ഉണ്ടാകണം. സ്ഥാപനവൽക്കരിക്കപ്പെട്ടിരിക്കുന്ന സഭയിലെ സ്ത്രീയുടെ സ്ഥാനത്തെപറ്റി ഒരു പുനർവിചിന്തനം ഈ ഇരുപത്തിയൊന്നാം നൂറ്റാണ്ടിലെങ്കിലും ഉണ്ടാവേണ്ടതാണ്.

കടപ്പാട് : "സഭയും സ്ത്രീകളും" അഡ്വ. ജയ്സി കരിങ്ങാട്ടി***ൽ,*** ഫാ. ജോ***ൺ*** തോമസ് കരിങ്ങാട്ടി***ൽ***

**Eye Camp organized by our Youth Association in association with IBN Rushid Clinics 2 on the 17th August, 2012. Thanks to the Management and Staff of IBN Rushed Clinic, Atlas Contracting and Al Razi Opticals. Congratulations to the organizers.**























**BABY BOY JOY**

*Congratulations*

**to Mr. Jijomon Mathew and Mrs. Sini Jijo on the new arrival of a Baby Boy. May God Bless them with happiness and good health.**

**MARRIAGE**

*Congratulations*

**to Anju & Leju. We wish them a very happy, prosperous and long married life. May God shower His choicest Blessings for happiness and prosperity throughout their wedded life.**